**POLICE** **DEPARTMENT**

**KERALA**

**No. E2-21530/2017/ID**
District Police Office,
Idukki
spidk.pol@kerala.gov.in
04862232354
Dated. 11-04-2018

**ദർഘാസ് /ലേല പരസ്യം**

ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ അധീനയിലുള്ളതും ഡിപ്പാർട്ടുമെൻറിൽ ഉപയോഗയോഗ്യവുമല്ലാത്ത ഇടുക്കി മോട്ടോർ ട്രാൻസ്പോർട്ടു ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമായ ടയർ, സ്പേയർ പാർട്സുകൾ, വെയിസ്റ്റ് ഓയിൽ മുതലായവ 2018 ജൂൺ മാസം അഞ്ചാം തീയ്യതി(05/06/2018) രാവിലെ 11 മണിയ്ക്ക് ഇടുക്കി പൈനാവിലുള്ള ജില്ലാ പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസിൽ വെച്ച് പരസ്യമായി ലേലം/ദർഘാസ്സുകൾ മുഖേന വില്പന നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്തു ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി നിരതദ്രവ്യമായ 3238/-രൂപ(മൂവായിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ടു രൂപ മാത്രം ) അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേല നടപടികൾ പൂർത്തിയായാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ് .കൂടാതെ ടി സാധനങ്ങളുടെ വിൽപ്പനക്ക് ദർഘാസ്സുകൾ സ്വീകരിക്കുന്നതാണ് .സീൽ ചെയ്ത കവറിൽ ദർഘാസ്സുകൾ നേരിട്ടോ തപാൽ മാർഗമോ ജില്ലാ പോലീസ് മേധാവിക്ക് 04/06/2018 തീയ്യതി വൈകുന്നേരം 4 മണിക്ക് മുമ്പായി സമർപ്പിക്കാവുന്നതുമാണ്. ദർഘസ്സിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇടുക്കി ശാഖയിൽ നിന്നും മാറാവുന്നതുമായ നിശ്ചിത നിരതദ്രവ്യത്തിനുള്ള ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ് നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസ്സുകൾ നിരസ്സിക്കുന്നതുമാണ് കവറിനു മുകളിൽ ദർഘാസ് ഇനം വ്യക്തമായി എഴുതിയിരിക്കണം. ദർഘാസ്സുകൾ നല്കിയിട്ടുള്ളവർ ലേല സ്ഥലത്തു നിർധിഷ്ട സമയത്ത് ഹാജരാകേണ്ടതാണ് .പരസ്യ ലേലം അവസാനിച്ചാലുടൻ തന്നെ ദർഘാസ്സുകൾ തുറക്കുന്നതും, ലേലത്തിലോ ദർഘാസിലോ എതിലാണ് കൂടുതൽ തുക കാണുന്നത് ആ തുകക്ക് വില്പന താൽകാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്.ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാള് നിയമാനുസൃതമുള്ള വിൽപ്പനനികുതിയടക്കമുള്ള ലേല ദർഘാസ്സ് തുകയുടെ പകുതി ലേലസ്ഥലത്ത് വെച്ച് തന്നെ അടക്കേണ്ടതും ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി പത്തു ദിവസത്തിനകം ബാക്കി തുകയും അടച്ച സാധനങ്ങൾ സ്വന്തം ചിലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടായാൾ മേല്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അയാൾ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും , ടി സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ് .പുന: ലേലത്തിൽ സർക്കാരിന് നഷ്ടമുണ്ടായൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദി ആയിരിക്കുന്നതും, നഷ്ടപ്പെട്ട തുക ടി യാനിൽനിന്നും ഈടാക്കുന്നതുമാണ്, എന്നാൽ പുന: ലേലത്തിൽ കൂടുതൽ തുകക്ക് ലേലം ഉറപ്പിക്കുകയാണെകിൽ കൂടുതൽ കിട്ടുന്ന തുകക്ക് ടി-യാന് അർഹത ഇല്ലാത്തതുമാണ്. ടി സാധനങ്ങൾ ലേലത്തിയ്യതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയങ്ങളിൽ ഇടുക്കി പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫ്ഫീസിൽ വെച്ച് ബന്ധപ്പെട്ട ഒ0ഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ് യാതൊരു കാരണവും കാണിക്കാതെ ലേലം/ ദെർഘസ്സ് നടപടികൾ നിർത്തിവയ്ക്കുന്നതിനോ, സ്ഥിര പ്പെടുത്തുന്നതിനോ മാറ്റിവെയ്ക്കുന്നതിനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച (ലേല സമയത്തും അതിനുശേഷവും ) ജില്ലാ പോലീസ് മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും

**Auction particulars**

| SI.Nos. | ITEMS | Numbers & Amount | UPSET VALUE | |
|---|---|---|---|---|
| 1 | Spare parts | 535 X Rs. 8/- | Rs.4280/- | |
| 2 | Tyre size 185 X 16 | 105 X Rs.75/- | Rs.7875/- | |
| 3 | 215 X 15 | 86 X Rs. 85/- | Rs.7310/- | |
| 4 | 195 X 15 | 14 X Rs. 85/- | Rs.1190/- | |
| 5 | 205 X 15 | 25 X Rs. 85/- | Rs.2125/- | |
| 6 | 225 X 15 | 9 X Rs.85/- | Rs.765/- | |
| 7 | 7.50X16 | 20 X Rs.115/- | Rs.2300/- | |
| 8 | 900 X 20 | 5 X Rs.250/- | Rs.1250/- | |
| 9 | 1000 X 20 | 2 X Rs.350/- | Rs.700/- | |
| 10 | 4.50X12 | 4 XRs.40/- | Rs.160/- | |
| 11 | 275 X 18 ,300 X 18, 350 X 19 | 42 X Rs.10/- | Rs.420/- | |
| 12 | Waste oil | 500 liter X Rs.8/- | Rs.4000/- | |

| | |
|---|---|
| | |
| TYRE | Rs.24095/- |
| WASTE OIL | Rs.4000/- |
| SPARE PARTS | Rs.4280/- |
| TOTAL **UPSET VALUE** | **Rs**.32375/-(Rupees thirty two thousand three hundred and seventy five only) |

Venugopal K B IPS
District Police Chief

To : ഇടുക്കി ജില്ലാ പോലീസ് മോട്ടോർ ട്രാൻസ്പോർട് ഒഫ്ഫീസർ ലേല നടപടികൾക്കുവേണ്ട എല്ലാ ക്രമീകരണങ്ങളും ഉത്തരവാദിത്വത്തോടെ സമയബന്ധിതമായി നടത്തേണ്ടതാണ്

Copy To : 1)സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്കായി (2).സംസ്ഥാനത്തെ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമ്മീഷണർമാർക്കും ,ബറ്റാലിയൻ കമാണ്ടൻറുമാർക്കും വിപുലമായ പരസ്യത്തിനുവേണ്ടി (3).ഇടുക്കി ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും വിപുലമായ പരസ്യത്തിനുവേണ്ടി (4).അസിസ്റ്റൻറ് കമാൻഡൻറ് എ. ആർ ക്യാംപ് ഇടുക്കി (5)നോട്ടീസ് ബോർഡ്.

iAPS
KERALA POLICE